**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3455** **14-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഫണ്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 9.27 കോടി രൂപയുടെ ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് മൂന്നു പ്രാവശ്യം ടെന്റർ നടപടികൾ സ്വീകരിച്ചെങ്കിലും പര്യാപ്തരായ കരാറുകാരെ ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കു വാൻ സാധിച്ചിട്ടില്ല. DSR 2016 പ്രകാരമാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ, ധനകാര്യ വകുപ്പിന്റെ 13-08-2021-ലെ G.O(P)No:114/2021/Fin ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ്, DSR 2018-ലേക്ക് മാറ്റി തയ്യാറാക്കി 11.38 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്, പ്രസ്തുത പ്രവൃത്തിയുടെ SPV ആയ KITCO കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ പര്യാപ്തരായ കരാറുകാരെ ടെന്റർ നടപടികളിലൂടെ ലഭ്യമാകാത്തതിനാലും, DSR 2018 പ്രകാരം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകാത്തതിനാലുമാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത്. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി പരിശോധിച്ച് തുക അംഗീകരിക്കുന്ന മുറയ്ക്ക് ടെന്റർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ